**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4984** **01-11-2021 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ സർവ്വേയും സ്വാമിത്വ പദ്ധതിയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന്റെ ഡിജിറ്റൽ സർവ്വേയും കേന്ദ്ര സർക്കാരിന്റെ സ്വാമിത്വ (svamitva) പദ്ധതിയും എന്താണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ എല്ലാ ഭൂവുടമകൾക്കും കൃത്യമായ ഭൂരേഖകൾ ശാസ്ത്രീയമായി അളന്നു തയ്യാറാക്കി നൽകുക, റവന്യൂ ഭരണം സുഗമമാക്കുക, ഭൂസംബന്ധമായ സേവനങ്ങൾ പൂർണ്ണമായും ഓൺലൈനായി ജനങ്ങളിൽ എത്തിക്കുക, ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കും സർക്കാരിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കും അത്യന്തികം പ്രയോജനകരമാകുന്ന തരത്തിൽ ഭൂരേഖകൾ തയ്യാറാക്കുക, ഭൂസംബന്ധമായ വിഷയം കൈകാര്യം ചെയ്യുന്ന റവന്യൂ സർവ്വെ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ സേവനങ്ങൾ സംയോജിപ്പിച്ച സുതാര്യമായ രീതിയിൽ റിക്കോർഡുകൾ കാലികമായി അപഡേറ്റ് ചെയ്യുക തുടങ്ങിയ ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതാണ് സമ്പൂർണ്ണ ഡിജിറ്റൽ റീസർവ്വെ പദ്ധതി. നൂതന സർവ്വേ സങ്കേതങ്ങളായ CORS നെറ്റ്‌വർക്ക്, ആർ.ടി.കെ ഉപകരണങ്ങൾ ഇ.ടി.എസ് എന്നിവ ഉപയോഗിച്ച് സംസ്ഥാനത്ത് ഏകദേശം എൺപതു ശതമാനം ഭൂഭാഗവും, ഇരുപതു ശതമാനം വരുന്ന ഏറ്റവും തുറസായ ബാക്കി പ്രദേശങ്ങൾ ഡ്രോൺ സർവ്വേ നടത്തിയും ഡിജിറ്റൽ സർവ്വേ മിഷൻ പൂർത്തിയാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. എന്നാൽ ഡ്രോൺ സർവ്വേയിൽ കൃത്യത ലഭിക്കാതെ വന്നാൽ പ്രസ്തുത പ്രദേശം കൂടി ആർ.ടി.കെ/ ഇ.ടി.എസ് ഉപയോഗിച്ച് സർവ്വേ ചെയ്യും. 807.98 കോടി രൂപയുടെ ബൃഹത് പദ്ധതിയാണിത് ഇന്ത്യയുടെ ആകെ ഭൂവിസ്തൃതിയുടെ 3 മുതൽ 5 ശതമാനം മാത്രം വരുന്ന ഭൂരേഖകൾ നിലവിലില്ലാത്ത Rural abadi areas(ജനവാസ മേഖലകൾ) ഡ്രോൺ ഉപയോഗിച്ച് സർവ്വെ നടത്തി ഭൂവുടമകൾക്ക് പ്രോപ്പർട്ടി കാർഡ് നൽകുക എന്ന ലക്ഷ്യം മുൻ നിറുത്തി കേന്ദ്ര മിനിസ്ട്രി ഓഫ് പഞ്ചായത്തി രാജ് (MoPR) നടപ്പിലാക്കുന്ന |

| | | | |
|---|---|---|---|
| | | | പദ്ധതിയാണ് SVAMITVA. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം വൃക്ഷങ്ങളാൽ മൂടപ്പെട്ടതും ഉയർന്ന കെട്ടിടങ്ങൾ കൂടുതലായതിനാലും സംസ്ഥാനത്ത് SVAMITVA പദ്ധതിയുടെ വിജയം പൈലറ്റ് സർവ്വേ ഫലം പരിശോധിച്ച് മാത്രമേ തീരുമാനിക്കാനാകൂ. |
| (ബി) | സ്വാമിത്വ പദ്ധതിയുടെ ചെലവ് കേന്ദ്ര സർക്കാരാണോ സംസ്ഥാന സർക്കാരാണോ വഹിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | സ്വാമിത്വ പദ്ധതിയുടെ ചെലവ് കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ ഭൂപ്രകൃതി വളരെ വ്യത്യസ്ഥവും സബ് ഡിവിഷനുകളുടെ എണ്ണം കൂടുതലുമാണ്.<br>എന്നാൽ കേന്ദ്രസർക്കാരിന്റെ മാർഗ്ഗരേഖ പ്രകാരം ഇതിനായി അനുവദിക്കുമെന്ന് അറിയിച്ചിട്ടുള്ള തുക വളരെ കുറവാണ്. ലാർജ്ജ് സ്കെയിൽ മാപ്പിംഗിന് ഒരു വില്ലേജിന് ആറായിരം രൂപ മാത്രമാണ് അനുവദിക്കുന്നത്.കൂടാതെ ഡ്രോൺ, മാപ്പ്,എന്നിവ ഒഴികെയുള്ള എല്ലാവിധ ചെലവുകളും സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. |
| (സി) | സ്വാമിത്വ പദ്ധതി പ്രകാരം എവിടെയെല്ലാം സർവ്വേ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | (സി) | സ്വാമിത്വ പദ്ധതി പ്രകാരം സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിലെ വർക്കല വില്ലേജിലും (150 ഹെക്ടർ), ആറ്റിങ്ങൽ വില്ലേജിലും (78 ഹെക്ടർ) സാമ്പിൾ സർവ്വെ മാത്രമാണ് നടന്നിട്ടുള്ളത്.<br>ഇതിന്റെ റിസൽട്ട് സർവ്വെ ഓഫ് ഇന്ത്യയിൽ നിന്നും ലഭിക്കാനുമുണ്ട്. |

സെക്ഷൻ ഓഫീസർ